കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി-യഥാർത്ഥ ഗുണഭോക്താവ് / അനന്തരാവകാശി, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്ത വീടുകളുടെ കാര്യത്തിൽ ഇപ്പോൾ താമസിക്കുന്ന കുടുംബത്തിന് ധനസഹായം-അർഹത പരിശോധിക്കൽ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ(സാ)നം:1147/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി: 15/5/2009**

---

**പരാമർശം:-**
1. **സ.ഉ.(എം.എസ്) നമ്പർ 226/08/തസ്വഭവ തീയതി 19/8/2008**
2. **റവന്യൂ (എൽ) വകുപ്പിന്റെ 21/1/09-ലെ 74046/എൽ3/08/റവ നമ്പർ അനൗദ്യോഗികകുറിപ്പ്**
3. **ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28/4/09-ലെ 3025/സി1/08/ഭവനം നമ്പർ കുറിപ്പ്**

**<u>ഉത്തരവ്</u>**

എം.എൻ ലക്ഷം വീട് നവീകരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിലെ മൂന്നാം ഖണ്ഡികയിൽ യഥാർത്ഥ ഉപഭോക്താവ്/അനന്തരാവകാശി, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്ത വീടുകളുടെ കാര്യത്തിൽ ഇപ്പോൾ താമസിക്കുന്ന കുടുംബം ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള കുടുംബമാണെന്ന് കണ്ടെത്തുകയാണെങ്കിൽ ആ കുടുംബത്തിന്റെ താമസം നിയമാനുസൃതമാക്കി എം.എൻ ലക്ഷം വീട് നവീകരണ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച് തസ്വഭവ/ഭവന വകുപ്പ് , റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് നയപരമായ തീരുമാനം എടുത്തതിന് ശേഷം പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ അർഹതയുള്ള കുടുംബത്തെ കണ്ടെത്തേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണെന്നും ഇപ്രകാരം അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തശേഷം മാത്രമെ റവന്യൂ വകുപ്പ് മുഖേന കൈവശരേഖ നൽകുവാൻ കഴിയുകയുള്ളുവെന്നും പരാമർശം (2) പ്രകാരം ആ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ കൈവശാവകാശ രേഖയ്ക്ക്/താമസം നിയമാനുസൃതമാക്കുന്നതിന് അർഹരായ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന പരാമർശം (3) പ്രകാരം ഭവന നിർമ്മാണ വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതിയിലെ യഥാർത്ഥ ഗുണഭോക്താവ്/അനന്തരാവകാശി, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്ത വീടുകളുടെ കാര്യത്തിൽ ഇപ്പോൾ താമസിക്കുന്ന കുടുംബം സഹായത്തിന് അർഹ

രാണോ എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയതിന് ശേഷം കൈവശാവകാശ രേഖ ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനെ സമീപിക്കേണ്ടതാണെന്ന് ഇതി നാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഭവന നിർമ്മാണ വകുപ്പ്
റവന്യൂവകുപ്പ് .
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാപഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ നഗര സഭാ സെക്രട്ടറിമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ